# മാധ്യമം

26 May, 2008

KOZHIKODE, THIRUVANANTHAPURAM, KOTTAYAM, KOCHI, MALAPPURAM, KANNUR, BANGALORE & MANGALORE

online edition: www. madhyamamonline.in

## 'തീരദേശപദ്ധതി പാർലമെൻറ് ചർച്ചചെയ്യാത്തത് ദുരൂഹം'

കണ്ണൂർ: നിർദിഷ്ട തീരദേശ പരിപാലന പദ്ധതി മൽസ്യത്തൊഴിലാളികളും കർഷകരും ഉൾപ്പെടെ 10 കോടി പരമ്പരാഗത ജനവിഭാഗങ്ങളെ കുടിയൊഴിപ്പിക്കുമെന്ന് നാഷനൽ ഫിഷ് വർക്കേഴ്സ് ഫോറം ദേശീയ പ്രസിഡൻറ് ഹരേകൃഷ്ണ പറഞ്ഞു. തീരദേശ പരിപാലന പദ്ധതിക്കെതിരെ നാഷനൽ ഫിഷ് വർക്കേഴ്സ് ഫോറത്തിൻെറ നേതൃത്വത്തിൽ ആരംഭിച്ച ജാഥക്ക് കണ്ണൂരിൽ സമാജ്വാദി ജനപരിഷത്ത്, സർവോദയ മണ്ഡലം, ജില്ലാ പരിസ്ഥിതി സമിതി എന്നിവർ നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

10 കോടി ജനങ്ങളെ ബാധിക്കുന്നതും ഇന്ത്യയിലെ രണ്ടുലക്ഷം കിലോമീറ്റർ പ്രദേശത്ത് ജനങ്ങളുടെ പരമാധികാരം ഇല്ലാതാക്കി കുത്തകകളുടെ കൈയിൽ എത്തിക്കുന്നതുമായ നിയമം പാർലമെൻറ് ചർച്ചചെയ്യാത്തത് ദുരൂഹമാണെന്നും അദ്ദേഹം പറഞ്ഞു. ഇതിൽ പ്രതിഷേധിച്ച് ജൂലൈ 27ന് മൽസ്യത്തൊഴിലാളികൾ പാർലമെൻറ് മാർച്ച് ചെയ്യും.

അഡ്വ. വിനോദ് പയ്യട അധ്യക്ഷത വഹിച്ചു.

Matrubhumi. 26th May 2008

# മാതൃഭൂമി

26 May, 2008

Mathrubhumi, The National Daily in Malayalam

## തീരദേശപരിപാലനപദ്ധതി: ജാഥയ്ക്ക് സ്വീകരണം നൽകി

കണ്ണൂർ: നിർദിഷ്ട തീരദേശ പരിപാലനപദ്ധതി മത്സ്യത്തൊഴിലാളികളും കർഷകരും ഉൾപ്പെടെയുള്ള 10 കോടി പരമ്പരാഗത ജനവിഭാഗങ്ങളെ കുടിയൊഴിപ്പിക്കുമെന്ന് നാഷണൽ ഫിഷ്വർക്കേഴ്സ് ഫോറം ദേശീയ പ്രസിഡൻറ് ഹരേകൃഷ്ണ പറഞ്ഞു. തീരദേശപരിപാലന പദ്ധതിക്കെതിരെ നാഷണൽ ഫിഷ്വർക്കേഴ്സ് ഫോറം ഗുജറാത്തിൽ നിന്ന് തുടങ്ങിയ ജാഥയ്ക്ക് ബസ്സ്റ്റാൻഡിൽ നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പദ്ധതി സംബന്ധിച്ച നിയമം പാർലിമെൻറ് ചർച്ച ചെയ്യാത്തത് ദുരൂഹമാണ്. ഇതിൽ പ്രതിഷേധിച്ച് ജൂലായ് 27ന് മത്സ്യത്തൊഴിലാളികൾ പാർലിമെൻറ് മാർച്ച് നടത്തുമെന്നും അദ്ദേഹം പറഞ്ഞു. സമാജ്വാദി ജനപരിഷത്ത്, സർവോദയ മണ്ഡലം, ജില്ലാ പരിസ്ഥിതി സമിതി എന്നിവയാണ് സ്വീകരണം നൽകിയത്. അഡ്വ. വിനോദ് പയ്യട അധ്യക്ഷനായി. കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ പ്രസിഡൻറ് ടി.പീറ്റർ, വർഗീസ്, പി.ടി.മുഹമ്മദ്കോയ എന്നിവർ സംസാരിച്ചു. ദിനു മൊട്ടമ്മൽ സ്വാഗതവും ഹരി ചക്കരക്കൽ നന്ദിയും പറഞ്ഞു. ജാഥയ്ക്ക് തിങ്കളാഴ്ച ഒമ്പതു മണിക്ക് തലശ്ശേരിയിൽ സ്വീകരണം നൽകും.

www.manoramaonline.com/news Reg. No. KL/KNR/17/06-08 26 May, 2008 Malayala Manorama



മനോരമ

തീരദേശ പരിപാലന നിയമ ഭേദഗതി ഉപേക്ഷിക്കുക, മൽസ്യ ഇറക്കുമതിനയം പിൻവലിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് നാഷനൽ ഫിഷ് വർക്കേഴ്സ് ഫോറവും കേരള സ്വതന്ത്ര മൽസ്യത്തൊഴിലാളി ഫെഡറേഷനും ചേർന്നു നടത്തുന്ന ദേശീയ വാഹനജാഥയുടെ കേരള യാത്ര കാസർകോട് കസബയിൽ കെഎസ്എംടിഎഫ് സംസ്ഥാന പ്രസിഡന്റ് ടി. പീറ്ററിനു പതാക കൈമാറി എൻഎഫ്എഫ് ചെയർപഴ്സൻ ഹരേകൃഷ്ണ ദേവ്നാഥ് ഉദ്ഘാടനം ചെയ്യുന്നു.

# തീരദേശ നിയമ ഭേദഗതി: മൽസ്യത്തൊഴിലാളി ദേശീയജാഥ കേരളത്തിൽ

കാസർകോട്: തീരദേശ നിയന്ത്രണ നിയമം റദ്ദാക്കി തീരദേശ പരിപാലന പദ്ധതി നടപ്പാക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ മൽസ്യത്തൊഴിലാളികൾ രാജ്യവ്യാപകമായി നടത്തുന്ന വാഹന പ്രചാരണ ജാഥയുടെ കേരളത്തിലെ പര്യടനം കാസർകോട് കസബ കടപ്പുറത്ത് ആരംഭിച്ചു.

നാഷനൽ ഫിഷ് വർക്കേഴ്സ് ഫോറം ദേശീയ പ്രസിഡന്റ് ഹരികൃഷ്ണ ദേവ്നാഥ് കേരള സ്വതന്ത്ര മൽസ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ടി.പീറ്ററിനു പതാക കൈമാറി പര്യടനം ഉദ്ഘാടനം ചെയ്തു.

ഭാരതത്തിലുള്ള 3000 മൽസ്യത്തൊഴിലാളി ഗ്രാമങ്ങളുടെ ഉന്നമനത്തിന് മാറിമാറി വരുന്ന സർക്കാരുകൾ ഒന്നും ചെയ്യുന്നില്ലെന്നു ഹരികൃഷ്ണ ദേവ് നാഥ് പറഞ്ഞു.

വിദേശ മൽസ്യബന്ധന കപ്പലുകൾക്കും കുത്തക കമ്പനികൾക്കുമായി 8000 കിലോമീറ്ററോളം വരുന്ന ഇന്ത്യൻതീരം തുറന്നു കൊടുക്കുന്നതു വഴി രാജ്യത്തെ മൽസ്യത്തൊഴിലാളികളെ സർക്കാർ കൊലയ്ക്കു കൊടുക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

മൽസ്യ ഇറക്കുമതി നയം പിൻവലിക്കുക, മൽസ്യത്തൊഴിലാളി കടാശ്വാസ പദ്ധതി ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാ തൊഴിലാളികൾക്കും ബാധകമാക്കുക തുടങ്ങയവയാണ് ജാഥയുടെ മറ്റാവശ്യങ്ങൾ.

ഗുജറാത്തിലെ കച്ചിൽ കഴിഞ്ഞ ഒന്നാം തീയതി ആരംഭിച്ച വാഹന പ്രചാരണജാഥ കന്യാകുമാരി വഴി കൊൽക്കത്തയിൽ സമാപിക്കും. മഹാരാഷ്ട്ര, ഗോവ, കർണാടക എന്നീ സംസ്ഥാനങ്ങൾ പിന്നിട്ടു കഴിഞ്ഞ ദിവസമാണ് ജാഥ കേരളത്തിൽ പ്രവേശിച്ചത്. ഈ മാസം 30വരെയാണ് കേരളത്തിലെ പര്യടനം.

31നു മൽസ്യത്തൊഴിലാളികൾ തിരുവനന്തപുരം ഏജീസ് ഓഫിസിലേക്ക് മാർച്ച് നടത്തും. ജൂലൈ 21 മുതൽ 23 വരെ മൽസ്യത്തൊഴിലാളികൾ ഡൽഹിയിൽ ജന്തർമന്ദറിൽ കൂട്ടസത്യഗ്രഹം നടത്തുന്നതോടെയാണ് സമരപരിപാടികൾ സമാപിക്കുക.

കസബയിലെ യോഗത്തിൽ പി.ടി.മുഹമ്മദ് കോയ അധ്യക്ഷത വഹിച്ചു. എ.ആൻഡ്രൂസ്, എം.പി.ബഷീർ, പി.എം.വർഗീസ്, ജെ.പി.ജോൺ, ഇ.ആർ.രതീഷ്, എൻഎഫ്എഫ് ജനറൽ സെക്രട്ടറി എൻ.ടി.കോളി, ടി.കെ.റഹ്മാൻ എന്നിവർ പ്രസംഗിച്ചു.

THIRUVANANTHAPURAM
THE HINDU • SUNDAY, JUNE 1, 2008

# Fish workers oppose reforms

Special Correspondent

**THIRUVANANTHAPURAM:** Hundreds of fish workers took out a march to the office of the Accountant-General here on Saturday in protest against the proposed reforms in the fisheries sector and the government's move to replace the Coastal Regulation Zone policy with the Coastal Zone Management policy.

The stir was organised as part of a nation-wide campaign by the National Fishworkers' Forum (NFF) urging the Central and State governments to take steps to ensure the livelihood security of fisherfolk. Inaugurating the march, Pannian Ravindran, MP, said the government had a responsibility to protect coastal and marine resources.

NFF leaders alleged that the proposed reforms in the fisheries sector would expose traditional fishermen to unhealthy competition from multinational companies and lead to plunder of marine resources. They said the Coastal Zone Management policy and the decision to permit the operation of foreign trawlers would affect the livelihood of traditional fishermen all over the country.

NFF leaders Harekrishna Debnath and Matanhy Saldanha; State president of Kerala Swathantra Matsya Thozhilali Federation T. Peter; and general secretary A. Andrews; were among those who spoke.

The NFF national campaign for the rights of fish workers began in Gujarat on May 1. During the Kerala leg of the campaign, the team visited fishing villages and landing centres along the coast from Kasaragod to Thiruvananthapuram and addressed public meetings.

Mr. Debnath said the team had received complaints from fish workers against sand-mining, import of fish, inadequate supply of kerosene for outboard engines and discrepancy in utilisation of tsunami rehabilitation funds.

sunday express THIRUVANANTHAPURAM
SUNDAY, 1 JUNE 2008



EXPRESS

The AG's office march by the National Fish Workers Forum and Kerala Swathanthra Matsya Thozhilali Federation in protest against the Centre's move to implement Coastal Conservation and Protection Programme, at Thiruvananthapuram on Saturday

Kerala

Kerala Kaumudhi - 1st June 2008

തിരുവനന്തപുരം 2008 ജൂൺ 1 ഞായർ



സാഗര ഗർജ്ജനം: കേന്ദ്ര സർക്കാരിന്റെ തീരദേശ പരിപാലന പദ്ധതിക്കെതിരെ സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷന്റെയും നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറത്തിന്റെയും നേതൃത്വത്തിൽ തൊഴിലാളികൾ ഏജീസ് ഓഫീസ് പടിക്കൽ മാർച്ച് നടത്തിയപ്പോൾ

Manorama - 1st June 2008 (kerala)

## പരിപാലനം വേണ്ടേ വേണ്ട



തീരദേശ പരിപാലന പദ്ധതി നടപ്പാക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ നാഷനൽ ഫിഷ് വർക്കേഴ്സ് ഫോറത്തിന്റെയും കേരള സ്വതന്ത്ര മൽസ്യത്തൊഴിലാളി ഫെഡറേഷന്റെയും നേതൃത്വത്തിൽ ഏജീസ് ഓഫിസിനു മുന്നിൽ നടന്ന ധർണയിൽനിന്ന്.

## മാർച്ച് നടത്തി

തിരുവനന്തപുരം: തീരദേശ നിയന്ത്രണ നിയമം റദ്ദാക്കി തീരദേശ പരിപാലന പദ്ധതി നടപ്പാക്കാനുള്ള കേന്ദ്ര സർക്കാർ നടപടിയിൽ പ്രതിഷേധിച്ചു നാഷനൽ ഫിഷ് വർക്കേഴ്സ് ഫോറം, കേരള സ്വതന്ത്ര മൽസ്യത്തൊഴിലാളി ഫെഡറേഷൻ എന്നിവയുടെ നേതൃത്വത്തിൽ ഏജീസ് ഓഫിസ് മാർച്ച് നടത്തി. പന്ന്യൻ രവീന്ദ്രൻ എംപി ഉദ്ഘാടനം ചെയ്തു. നാഷനൽ ഫിഷ് വർക്കേഴ്സ് ഫോറം ചെയർപഴ്സൻ ഹരേകൃഷ്ണ ദേബ്നാഥ്, ടി. പീറ്റർ, ഗോവ ടൂറിസം മുൻ മന്ത്രി മത്താനി സൽദാന, എ. ആൻഡ്രൂസ്, എൻ.ഡി. കോളി, ആന്റോ ഏലിയാസ്, വലേരിയൻ ഐസക്, പി.ടി. മുഹമ്മദ് കോയ തുടങ്ങിയവർ പ്രസംഗിച്ചു. ഗുജറാത്തിൽ ആരംഭിച്ച ദേശീയ വാഹന പ്രചാരണ ജാഥയോടനുബന്ധിച്ചാണു മാർച്ച് നടത്തിയത്. 27നു കൊൽക്കത്തയിൽ സമാപിക്കും.

Kerala

Mangalam - 1st June 2008 (Kerala)



▪ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ, നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം എന്നിവയുടെ നേതൃത്വത്തിൽ ഏജീസ് ഓഫീസിലേക്ക് നടത്തിയ മാർച്ചിൽ നിന്ന്.

Deepika - 1st June 2008 (Kerala)



തീരദേശ പരിപാലന പദ്ധതി കേന്ദ്രസർക്കാർ നടപ്പാക്കുന്നതിനെതിരേ നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറത്തിന്റെയും കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെയും നേതൃത്വത്തിൽ ഏജീസ് ഓഫീസിലേക്ക് നടത്തിയ മാർച്ച് പോലീസ് തടയുന്നു- ദീപിക

# തീരദേശ പരിപാലന പദ്ധതിക്കെതിരേ മത്സ്യത്തൊഴിലാളികൾ മാർച്ച് നടത്തി

തിരുവനന്തപുരം: 1991 ലെ തീരദേശ നിയന്ത്രണ നിയമം റദ്ദാക്കി തീരദേശ പരിപാലന പദ്ധതി കേന്ദ്ര സർക്കാർ നടപ്പാക്കുന്നതിനെതിരേ നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറത്തിന്റെയും കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെയും നേതൃത്വത്തിൽ നൂറുകണക്കിന് മത്സ്യത്തൊഴിലാളികൾ ഏജീസ് ഓഫീസിലേക്ക് മാർച്ച് ചെയ്തു. പന്ന്യൻ രവീന്ദ്രൻ എംപി മാർച്ച് ഉദ്ഘാടനം ചെയ്തു. അന്നന്നത്തെ അന്നത്തിനുവേണ്ടി കഠിനാധ്വാനം ചെയ്യുന്ന മത്സ്യത്തൊഴിലാളികളെ ദ്രോഹിക്കുന്ന നടപടി ആരുതന്നെ കൈക്കൊണ്ടാലും അതിനെ പാർലമെന്റിൽ ശബ്ദമുയർത്തുമെന്നും പന്ന്യൻ രവീന്ദ്രൻ എംപി പറഞ്ഞു.

നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം ചെയർപേഴ്സൺ ഹരേ കൃഷ്ണ ദേബ്നാഥ്, കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ടി.പീറ്റർ ഗോവ മുൻ ടൂറിസം മന്ത്രി മത്താനി സൽദാന, ജനറൽ സെക്രട്ടറി എ.ആൻഡ്രൂസ് , എൻ.ഡി.കോളി, ആന്റോ ഏലിയാസ്, വലേരിയൻ ഐസക്, പി.ടി.മുഹമ്മദ് കോയ, എസ്.ജോസഫ്, പി.വി. വിൽസൺ, ഫ്രീസ്കോ കുരിശപ്പൻ, മാഗ്ളിൻ പീറ്റർ, മുഹമ്മദ് ഇല്ല്യാസ് എന്നിവർ പ്രസംഗിച്ചു. ഗുജറാത്തിൽ നിന്ന് ആരംഭിച്ച ദേശീയ വാഹന പ്രചരണ ജാഥയുടെ ഭാഗമായാണ് മാർച്ച് നടത്തിയത്. പ്രചരണ ജാഥ 27 കൊൽക്കത്തയിൽ സമാപിക്കും. ജൂലൈ 22,23,24 തീയതികിൽ ഡൽഹിയിൽ മത്സ്യത്തൊഴിലാളികൾ കൂട്ട സത്യഗ്രഹം നടത്തും.

Madhyamam - 1st June 2008

## മാർച്ച് ചെയ്തു

തിരുവനന്തപുരം: തീരദേശ പരിപാലന പദ്ധതി കേന്ദ്രസർക്കാർ നടപ്പാക്കുന്നതിനെതിരെ നാഷനൽ ഫിഷ് വർക്കേഴ്സ് ഫോറത്തിന്റെയും കേരള സ്വതന്ത്ര മൽസ്യത്തൊഴിലാളി ഫെഡറേഷന്റെയും നേതൃത്വത്തിൽ മൽസ്യത്തൊഴിലാളികൾ ഏജീസ് ഓഫീസിലേക്ക് മാർച്ച് ചെയ്തു.

Madhyamam - 1st June 2008



**തീരസംരക്ഷണത്തിനായ്...** 1991ലെ തീരദേശ നിയന്ത്രണ നിയമം റദ്ദാക്കി തീരദേശ പരിപാലന പദ്ധതി നടപ്പാക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ നടന്ന ഏജീസ് ഓഫീസ് മാർച്ച് പോലീസ് തടഞ്ഞപ്പോൾ

DINAMONI
2-6-2008

# மீனவர்களின் உரிமைகளை காக்க பிரசார பயணம்

## தமிழக கடலோர மாவட்டங்களில் 10 நாள் நடக்கிறது

**நாகர்கோவில், ஜூன் 2:** தமிழக கடலோர மாவட்டங்களில் மீனவர்களின் வாழ்வுரிமைகளை காக்க கோரி தேசிய மீனவர் பேரவை சார்பில் 10 நாள் பிரசார பயணம் மேற்கொள்ளப்படுகிறது.

இப் பயணம் கன்னியாகுமரி மாவட்டம், நீரோடியில் ஞாயிற்றுக்கிழமை தொடங்கியது.

இது தொடர்பாக தேசிய மீனவர் பேரவையின் தலைவர் ஹரே கிருஷ்ண தேப்நாத் நாகர்கோவிலில் செய்தியாளர்களிடம் திங்கள்கிழமை கூறியதாவது:

கடல் மற்றும் கடற்கரை உயிர்ச் சூழலியல் வளர்ச்சித் திட்டங்கள் என்ற பெயரால் தொடுக்கப்படும் தாக்குதல்களை ஒழுங்குபடுத்தும் நோக்குடன் 1991-ம் ஆண்டு கடலோர ஒழுங்காற்று அறிவிக்கை அமல்படுத்தப்பட்டது.

இதில் மீனவர்களுக்கு பாதகமான பல குறைபாடுகள் இருந்தாலும், தேசிய அளவில் கடலோரங்களைப் பாதுகாக்கவும், மக்களின் வாழ்விடங்களைப் பாதுகாக்கவும் ஓரளவுக்கு உதவியது.

ஆனால், மத்திய, மாநில அரசுகள் இந்த அறிவிக்கையை முழுமையாக அமலாக்கம் செய்ய முயற்சி எடுக்கவில்லை.

தற்போது கடலோர ஒழுங்காற்று அறிவிக்கை 1991-ஐ முழுமையாகப் புறக்கணித்துவிட்டு பெரும்முதலாளிகள் கடற்கரையை ஆக்கிரமிக்க வசதி செய்யும் பொருட்டு எம்.எஸ். சுவாமிநாதன் பரிந்துரைப்படி கடலோர மேலாண்மை அறிவிக்கை 2008-ஐ அரசு வெளியிட்டுள்ளது.

இதன்மூலம் மீனவர் சமூகங்களை அப்புறப்படுத்திவிட்டு கடற்கரைப் பகுதிகளிலும், கடலிலும் வர்த்தகத் திட்டங்களை அமலாக்கத் திட்டமிடப்பட்டுள்ளது.

இதன்மூலம் கடலிலும் கடல் சார்ந்த பகுதிகளிலும் இருந்து மீனவ மக்களின் உரிமையைப் பறித்து அவர்களை வெளியேற்றும் முயற்சிகள் நடைபெறுகின்றன.

இந்நிலையில்தான், மீனவர்களின் உரிமையைக் காக்க தேசிய பிரசார பயணம் மேற்கொள்ளப்பட்டுள்ளது.

கடந்த மே 1-ம் தேதி குஜராத் மாநிலம், கட்ச் பகுதியில் ஜாகோவில் தொடங்கிய பயணம் இம்மாதம் 27-ம் தேதி கொல்கத்தாவில் நிறைவு பெறுகிறது.

இதன் ஒரு பகுதியாக தமிழக கடற்கரை மாவட்டங்களில் உள்ள கடலோர மீனவக் கிராமங்களில் தேசிய மீனவர் பேரவையின் பிரசார பயணம் ஞாயிற்றுக்கிழமை (ஜூன் 1) தொடங்கப்பட்டுள்ளது.

கன்னியாகுமரி மாவட்டம், நீரோடியில் தொடங்கியுள்ள இந்தப் பயணம் ஆரம்பாக்கத்தில் இம்மாதம் 10-ம் தேதி வரை நடைபெறும்.

இந்த பிரசாரத்தில் 13 கடலோர மாவட்டங்களில் செயல்படும் மீனவ அமைப்புகள், மீன் தொழிலாளர் சங்கங்கள், தேசிய மீனவர் பேரவையின் நிர்வாகக் குழு உறுப்பினர்கள் மற்றும் தோழமை அமைப்புகள் பங்கேற்கும் என்றார் அவர்.

மீன் தொழிலாளர் சங்க மாநிலத் தலைவர் த. பீட்டர்தாஸ் உள்ளிட்டோர் உடனிருந்தனர்.




நாகர்கோவிலில் திங்கள்கிழமை செய்தியாளர்களுக்கு பேட்டியளிக்கிறார் தேசிய மீன் தொழிலாளர் பேரவைத் தலைவர் ஹரேகிருஷ்ண தேப்நாத் (வலமிருந்து 2-வது).

Kerala

# മത്സ്യത്തൊഴിലാളികളുടെ പ്രചാരണജാഥയ്ക്ക് സ്വീകരണം നൽകി

Matrubhumi 28-5-2008

തൃശ്ശൂർ: തീരദേശനിയന്ത്രണനിയമം റദ്ദാക്കിയ കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ ഫിഷ് വർക്കേഴ്സ് ഫോറത്തിന്റെയും കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയന്റെയും സംയുക്താഭിമുഖ്യത്തിൽ ദേശവ്യാപകമായി നടത്തുന്ന വാഹനപ്രചാരണജാഥയ്ക്ക് തൃശ്ശൂരിൽ സ്വീകരണം നൽകി. സ്വീകരണം നാഷണൽ ഫിഷ്‌വർക്കേഴ്സ് ഫോറം ദേശീയ പ്രസിഡന്റ് ഹരേകൃഷ്ണദേബ്നാഥ് ഉദ്ഘാടനം ചെയ്തു. സുജോ.ബി ജോസ് അധ്യക്ഷത വഹിച്ചു. ഗോവൻ മുൻമന്ത്രിയും ഫെഡറേഷൻ മുൻ സംസ്ഥാന പ്രസിഡന്റുമായ മത്താനി സൽദാന, എൻ.സി.കോളി, ടി.പീറ്റർ, പി.എം. വർഗീസ്, രമേഷ്ദൂരി, ടി.കെ. റഹ്മാൻ, അഹമ്മദ്ഇല്യാസ്, ജോൺ ജെ.പി, പ്രൊഫ.ടി.പി. സുധാകരൻ തുടങ്ങിയവർ പങ്കെടുത്തു. വാടാനപ്പള്ളി, ചാവക്കാട് എന്നിവിടങ്ങളിലും ജാഥയ്ക്ക് സ്വീകരണം നൽകി. മെയ് 31ന് തിരുവനന്തപുരം ഏജീസ് ഓഫീസിലേക്ക് മാർച്ച് നടത്തും. ജാഥ ജൂൺ 27ന് കൊൽക്കത്തയിൽ സമാപിക്കും.

Manorama - 28-5-2008

22 വർത്തമാനം TCR




നാഷനൽ ഫിഷ് വർക്കേഴ്സ് ഫോറം ദേശവ്യാപകമായി നടത്തുന്ന സമരപ്രചാരണ ജാഥയ്ക്ക് ചാവക്കാട്ട് നൽകിയ സ്വീകരണത്തിൽ ദേശീയ ചെയർമാൻ ഹരേകൃഷ്ണ ദേവനാഥ് പ്രസംഗിക്കുന്നു

# മത്സ്യത്തൊഴിലാളി വാഹന ജാഥയ്ക്ക് സ്വീകരണം നൽകി

ചാവക്കാട്: തീരദേശ നിയന്ത്രണ നിയമം റദ്ദാക്കി തീരദേശ പരിപാലന പദ്ധതി നടപ്പാക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ നാഷനൽ ഫിഷ് ഫോറം, കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയൻ എന്നിവയുടെ നേതൃത്വത്തിൽ പ്രചാരണ വാഹന ജാഥയ്ക്ക് ചാവക്കാട്ട് സെന്ററിൽ സ്വീകരണം നൽകി. ചക്കംകണ്ടം അഴുക്കുചാൽ വിരുദ്ധ കർമസമിതിയുടെ നേതൃത്വത്തിലാണ് സ്വീകരണം നൽകിയത്. ജാഥ ക്യാപ്റ്റൻ നാഷനൽ ഫിഷ് വർക്കേഴ്സ് ഫോറം അഖിലേന്ത്യാ ചെയർമാൻ ഹരേ കൃഷ്ണ ദേവനാഥിനെ തൈക്കാട് പഞ്ചായത്ത് അംഗം ലൈല ഹംസ സ്വീകരിച്ചു. അഖിലേന്ത്യാ ജനറൽ സെക്രട്ടറി എൻ.ഡി. പോളി, ഗോവ മുൻ ടൂറിസം മന്ത്രി മത്താനി സൽദാന, കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ടി. പീറ്റർ, ജനറൽ സെക്രട്ടറി എ. ആൻഡ്രൂസ്, സുജോബി, ടി.കെ. റഹ്മാൻ, സി.എഫ്. ജോർജ്, ശ്രീധരൻ, ശിവശങ്കർ എന്നിവർ പ്രസംഗിച്ചു.